
ഇതളുകൾ
കെ കെ എം ജി വി എച്ച് എസ് എസ് ഇലിപ്പക്കുളം
little KITEs
ഡിജിറ്റൽ മാഗസിൻ 2019-20



**ചീഫ് എഡിറ്റർ**

**സുലേഖ സലിം പി സ്, പ്രധാനാധ്യാപിക**

# അവതാരിക

കുഞ്ഞു മനസ്സുകളുടെ
ഭാവനയുടെ കുളിർമയിൽ
ചാലിച്ചെടുത്ത
മംഗളഗാനങ്ങൾ.......
മാസ്മരികതതുളുമ്പുന്ന
നിറലാവണ്യങ്ങൾ......
മനസ്സിന്റെ തുടുപ്പുകളിൽ
രാഗം ചാലിക്കുന്ന രചനകൾ
സർഗചേതനയിലൂടെ
കുരുന്നുകൾ ജീവസ്സുറ്റതാക്കിയ
'സൃഷ്ടികൾ' വർണനകൾക്ക്
അതീതമാണ്.
ഏവർക്കും ഹൃദ്യമാകട്ടെ
എന്ന് ആശംസിക്കുന്നു.
നന്ദി..... ഒരായിരം നന്ദി ...........
പ്രചോദനമായ കരങ്ങൾക്ക്
ഹെഡ്മിസ്ട്രസ് സുലേഖ ടീച്ചർ,
ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ്
താരടീച്ചർ,സജിത് സർ...
നിറനിലാവിന്റെ ചാരുതയാകാൻ
കോടി ആശംസകൾ
ഡിജിറ്റൽ 'മാഗസിൻ' എന്ന സ്വപ്നത്തിന്റെ
സാക്ഷാത്കാരം സാധ്യമാക്കാൻ
യത്നിച്ച 'ലിറ്റിൽ കൈറ്റ്സ്' കുരുന്നുകൾക്ക്
വാക്കുകൾക്ക് അതീതമായ്......
നന്ദി.......

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ




***ഞങ്ങളുടെ സ്കൂൾ ഹൈ ടെക് ആക്കാൻ പുതിയ കെട്ടിട ഉത്ഘാടനം ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ .പ്രൊഫ.രവീന്ദ്രനാഥ് നിർവഹിക്കുന്നു***

# സ്വപ്നത്തിന്റെ മായാലോകം

സൂര്യന്റെ പൊൻകിരണങ്ങൾ മാലേരി മലയുടെ താഴ്വാരത്തെ ചെറ്റക്കുടിലിലും വന്നു പതിച്ചു. അപ്പോഴാണ് നേരം വെളുത്തുവെന്ന് ചിന്നുമോൾ മനസ്സിലാക്കുന്നത്. അവൾ എഴുന്നെറ്റ് രാവിലെ കുളിച്ചൊരുങ്ങി തന്റെ കൂട്ടുകാരി മാളുവിന്റെ അടുത്തേ ക്ക് പോവുകയാണ്. മാളുവിന്റെ അരികിൽ വൈകാതെ അവൾ എത്തി. എന്തോ പറയാൻ മാളു വെമ്പിനിൽക്കുന്നു. എന്താണെന്ന് ചിപ്പി ചോദിച്ചതും അവൾ അത്ഭുതത്തോടെ പറഞ്ഞു-"നീ അറിഞ്ഞോ നമ്മുടെ അപ്പുവിന്റെ അച്ഛന് എന്തോ മാരകമായ അസുഖം പിടിച്ചിരിക്കുന്നു. ദേഹമൊക്കെ ചെറിയ കുരുക്കൾ. പകരും എന്ന പേടിക്കൊണ്ട് അപ്പുവിനെപ്പോലും അവന്റെ അച്ഛന്റെ അടുത്തേക്ക് അടുപ്പിക്കുന്നില്ല."ചിപ്പി-"അയ്യോ ! ഞാൻ രണ്ടു ദിവസം മുൻപും കണ്ടതാണല്ലോ.കഷ്ടം".

നേരം സന്ധ്യയായി,കളിച്ചും ചിരിച്ചും സമയം പോയത് മാളുവും ചിപ്പിയും അറിഞ്ഞില്ല. അവർ രണ്ടുപേരും അവരവരുടെ വീടുകളിലേക്ക് മടങ്ങി.അത്താഴം കഴിച്ച്, മാനത്തെ നക്ഷത്രങ്ങളെയും ചന്ദ്രനെയും തന്റെ ജനാലയിലൂടെ നോക്കിക്കൊണ്ട് ചിപ്പി ഉറങ്ങി. ഉറക്കത്തിനിടെ എന്തൊക്കയോ അസ്വസ്ഥത. ശരീരം വേദനിക്കുന്നതു പോലെ. എങ്കിലും ഉറക്കത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ആയതിനാൽ അവൾ അത് കാര്യമാക്കിയില്ല.

പിറ്റേന്ന് രാവിലെ പ്രഭാതകർമ്മങ്ങൾ കഴിഞ്ഞ് , അവൾ ആഹാരം കഴിച്ച് കൈകഴുകാനായി വെളിയിൽ മലയുടെ മുകളിൽ നിന്നും നേർത്ത വെള്ളിനൂലുപോലെ ഒഴുകുന്ന അരുവിയുടെ അടുത്തേക്ക് പോകുകയായിരുന്നു. പെട്ടെന്ന് മുഴുവൻ ലോകവും ചുറ്റുന്നതായിത്തോന്നി. പാതാളത്തിലേക്ക് താഴ്ന്നിറങ്ങുന്നതുപ്പോലെ. അവൾ അവിടെ വീണു. ശബ്ദം കേട്ട് അമ്മ ഓടിയെത്തി. അച്ഛൻ വെള്ളം എടുത്ത് മുഖത്ത് തളിച്ചു. പക്ഷേ അവൾക്ക് അനക്കമില്ല. ഉടൻ തന്നെ വൈദ്യനെ കൊണ്ടുവന്നു. പരിശോധിച്ചതിന് ശേഷം കുറച്ചു മരുന്നുകളുടെ പട്ടികയും നിരത്തി. നേരം രാത്രിയായി. പതുക്കെ അവൾ തന്റെ കണ്ണുകൾ തുറന്നു. അമ്മയുടെയും അച്ഛന്റെയും വാക്കുകൾകേട്ട് ഞെട്ടി എഴുന്നേറ്റു. തനിക്ക് വസൂരി എന്ന മാരകമായ രോഗം ആണെന്ന സത്യം അവളെ ആകെ ഉലച്ചു. മാതാപിതാക്കൾക്കൊപ്പം അവളും പൊട്ടിക്കരഞ്ഞു. ദിവസങ്ങൾ കൂടുംതോറും അവളുടെ സ്ഥിതി വഷളായി. കാരണം വൈദ്യൻ മരുന്നുകളുടെ പേര് പറഞ്ഞെങ്കിലും വാങ്ങാൻ പണമില്ലായിരുന്നു. ആരും മാളുവിനെപ്പോലും ചിപ്പിയെ കാണാൻ അനുവദിച്ചില്ല. അവളെ ദൂരെ ഒരു കുടിലിൽ ആക്കി. സ്വന്തം അച്ഛനെയും അമ്മയെയുംപ്പോലും ആ അടച്ചിട്ട വീട്ടിലെ ഒരു ജനാലയിലൂടെയാണ് കാണുന്നത്. രോഗം മൂർച്ചിച്ചതോടെ എല്ലാവരും വന്നു.

ആതിര 9 B

# Dreamy Life



Life is like a dream
Life is like a sky
Our eyes shows our world
And our world shows a life
Darkness of night there
And moon ,stars came to shine here
Past is the precious thought
And mind is the memorable things

**Mithunakshi Prasad**
**9B**

# *പിശാചായി മാറിയ ഭാര്യ*

നല്ല മനോഹരമായ ഒരു ഗ്രാമം. ആരും കണ്ടാൽ താമസിക്കാൻ കൊതിക്കുന്ന ഗ്രാമം. ആ ഗ്രാമത്തിൽ കുറേ അംഗങ്ങൾ താമസിക്കുന്നുണ്ട്. അതിൽ ഒരു കുടുംബമായിരുന്നു രാജശേഖരന്റേത്. എന്നാൽ രാജശേഖരൻ ക്രൂരനും,മുരടനും ആയിരുന്നു. അയാളുടെ ഭാര്യയായ ലളിത ഒരു സാധുവായിരുന്നു. ഈ രാജശേഖരൻ എന്നും ആ പാവപ്പെട്ട സ്ത്രീയെ തല്ലുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അയാളുടെ ക്രൂരത സഹിക്കാനാവാതെ ലളിത ആത്മഹത്യ ചെയ്തു. മരിച്ചതിനു ശേഷം ലളിത പ്രേതമായി മാറി.

പിന്നീട് ഭർത്താവിനെ പേടിച്ച ലളിത ആ ഗ്രാമത്തിലെ ഒരു കാട്ടിലെ പുളിമരത്തിൽ അഭയം കൊണ്ടു. ആ പുളിമരത്തിനടുത്തേക്ക് ഏത് പുരുഷന്മാർ വന്നാലും അവൾ അവരെ ക്രൂരമായും അതിസാഹസപരമായും ഉപദ്രവിക്കുമായിരുന്നു. എന്നാൽ അവൾ സ്ത്രീകളെ ഒന്നും ചെയ്യുമായിരുന്നില്ല. കാരണം സ്ത്രീകളെല്ലാം വളരെ കഷ്ടപ്പെട്ടാണ് ജീവിച്ചിരുന്നത്.

ഇങ്ങനെയായിരുന്നപ്പോളാണ് അതിസുന്ദരിയായ ഒരു പെൺകുട്ടി വിശ്രമിക്കാൻ വേണ്ടി ആ പുളിമരത്തിന്റെ ചുവട്ടിലുള്ള ഒരു പാറക്കല്ലിന്റെ പുറത്തുകയറിയിരുന്നു. നടന്നു വന്നതിന്റെ ക്ഷീണം കൊണ്ടാകാം അവൾ അറിയാതെതന്നെ അവളുടെ സുന്ദരമായ മിഴികൾ താഴ്ന്നു തുടങ്ങി. കുറച്ചു സമയം കഴി ഞ്ഞപ്പോൾ അവൾ പെട്ടന്ന് ഞെട്ടി കരയാൻ തുടങ്ങി. ഇതൊക്കെ ദൂരനിന്ന് ലളിത കാണുന്നുണ്ടായിരുന്നു. ഇത് കണ്ടപ്പോൾ ലളിതയ്ക്ക് ഏറെ സങ്കടം വന്നു. അവൾ ഒരു നിമിഷം ആലോചിച്ചു "എന്റെ വിധി തന്നെയാണോ, അവൾക്കും". ലളിത പെട്ടന്ന് ആ കുട്ടിയുടെ അടുത്തേക്ക് പ്രത്യക്ഷപ്പെട്ടു. എന്നിട്ടുപോലും ആ കുട്ടി പേടിച്ചിരുന്നില്ല.

ലളിത ചോദിച്ചു "എന്നെ കണ്ടിട്ടു പേടി തോന്നുന്നില്ലേ." അപ്പോൾ അവളുടെ മറുപടി ഇപ്രകാരമായിരുന്നു. "ഞാൻ മരിക്കാൻ പോകുകയല്ലേ അപ്പോൾ നിന്നെ പോലുള്ള പ്രേതത്തിനെ കണ്ട് ഞാൻ എന്തിന് ഭയക്കണം"ലളിത ചോദിച്ചു "എന്താണ് നിന്റെ പ്രശ്നം നീ എന്തിനാണ് മരിക്കാൻ തീരുമാനിച്ചത് "അപ്പോൾ ആപെൺ കുട്ടി പറഞ്ഞു "എന്റെ പ്രശ്നങ്ങൾ ആരോട് പറഞ്ഞലും പരിഹരിക്കാൻ കഴിയില്ല" പിന്നെ നീഎന്തിനാണ് മരിക്കാൻ തീരുമാനിച്ചത്.

അപ്പോൾ ലളിത തന്റെ ജീവിതാനുഭവം പറയാൻ തുടങ്ങി "അടുത്ത ഗ്രാമത്തിലാണ് ഞാൻ താമസിച്ചിരുന്നത്. എനിക്ക് പിശുക്കനായ ഒരു ഭർത്താവുണ്ടായിരുന്നു. പേര് രാജശേഖരൻ അവന്റെ ക്രൂരത സഹിക്കാനാവാതെ ഞാൻ ആത്മഹത്യ ചെയ്തു. അങ്ങെനെയാണ് ഞാൻ പ്രേതമായി മാറിയത്." അതൊക്കെ പോട്ടെ ഇനി നിന്റ കഥ പറ.

"എന്റെ പേര് അമ്മു ഞാൻ ഈ കാടിനപ്പുറമുള്ള ഒരുഗ ഗ്രാമത്തിലാണ്താമസിക്കുന്നത്. ഈ ഗ്രാമത്തിൽ ഒരു ഗ്രാമത്തലവനുണ്ട്. അയാളുടെ മകനായ അരുണും ഞാനും തമ്മിൽ ഇഷ്ട്ത്തിലാണ്. എന്നാൽ ഈ കല്ല്യാണം ഒരിക്കലും നടക്കില്ല. ഈഗ ഗ്രാമത്തലവൻ ഒരു അത്യാഗ്രഹിയാണ്. ഞങ്ങളുടേത് ഒരു സാധാരണ കുടുംബമാണ്. എന്റെ അച്ഛൻ ഒരു സാധാരണ ഗുമസ്തനാണ്. അവർ ചോദിക്കുന്ന സ്ത്രീധനം ഞങ്ങൾക്ക് കോടുക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞാൻ ഈ കാട്ടിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്നത് " ഇതെല്ലാം കേട്ടപ്പോൾ ലളിതയ്ക്ക് ദേഷ്യം വന്നു. ലളിതയുടെ ചോദ്യം ഇതായിരുന്നു. "എന്റെ ജീവിതാനുഭവം കേട്ടിട്ടും നിനക്ക് കല്ല്യാണം കഴിക്കാൻ തോന്നുന്നുണ്ടോ!" നീ അത്രക്ക് വിഢിയാണോ? ഈ ലോകത്ത് ഏറ്റവും കൂടുതൽ ഞാൻ വെറുക്കുന്നത് പുരുഷന്മാരെയാണ്. അമ്മു ചോദിച്ചു "നിങ്ങളുടെ

ഭർത്താവ് ക്രൂരനാണെന്ന് വിചാരിച്ച് എല്ലാ ഭർത്താക്കന്മാരും അങ്ങനെയായിരിക്കണമെന്നില്ല. നല്ല ഭർത്താക്കന്മാരും ഈ ലോകത്തുണ്ട്. അരുൺ വളരെ നല്ലവനാണ്. എന്നെ വളരെയധികം സ്നേഹിക്കുന്നവനാണ്. അപ്പോൾ ലളിത പറഞ്ഞു "നിനക്ക് അത്രക്ക് ഇഷ്ടമാണെങ്കിൽ നീ കല്ല്യാണം കഴിക്കൂ" അമ്മുവിന് കല്ല്യാണം കഴിക്കാൻ യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. അമ്മു ലളിതയോട് ആവശ്യപ്പെട്ടു നീ തന്നെ എന്നെ ഈ കാര്യത്തിൽ സഹായിക്കണമെന്ന്. ലളിത പറഞ്ഞു ഞാൻ നിന്നെ സഹായിക്കാം.

ലളിത ഗ്രാമത്തലവന്റെ ഭാര്യയുടെ ശരീരത്ത് കയറാൻ തീരുമാനിച്ചു. അങ്ങനെ ഗ്രാമത്തലവനെ ഒരു പാഠം പഠിപ്പിക്കാം. ലളിത അങ്ങനെ അവരുടെ ശരീരത്ത് കയറി. അന്ന് മുതൽ അയാളുടെ ഭാര്യയുടെ പെരുമാറ്റം വ്യത്യാസപ്പട്ടു. അവൾ അയാളെ കൊണ്ട് പല ജോലികൾ ചെയ്യിപ്പിച്ചു. അയാൾ അവളുടെ അടിമയായി മാറി. ഇതൊക്കെ കണ്ട് അയാൾ പേടിച്ചുപോയി. ഗ്രാമത്തിലെ ബാധ ഒഴിപ്പിക്കുന്ന ഒരാളെ ഗ്രാമത്തലവൻ വിളിച്ചുകൊണ്ട് വന്നു.ഒരു കളം വരച്ച് അതിലിരുത്തി പൂജക്കുള്ള ഏർപ്പാടും ചെയ്തു.എന്തിനാണ് ശരീരത്തിൽ കയറിയതെന്ന് പറഞ്ഞ് വേപ്പിലകൊണ്ട് അവളെ അടിക്കാൻ തുടങ്ങി.

വേദനകൊണ്ട് സഹിക്കാൻ വയ്യാതെ ലളിത പറഞ്ഞു ഞാൻ എല്ലാം പറയാമെന്ന്. അവൾ പറഞ്ഞു ഈ ഗ്രാത്തലവൻ തന്റെ ഇഷ്ടപ്പെട്ട അമ്മു എന്ന പെൺകുട്ടിയെ സ്ത്രീധനത്തിന്റെ പേരിൽ അവന് വിവാഹം കഴിച്ചു കൊടുക്കാത്തത് കൊണ്ടാണ് ഇയാളെ ഒരു പാഠം പഠിപ്പിക്കാമെന്ന് പറഞ്ഞാണ് അയാളുടെ ഭാര്യയുടെ ശരീരത്ത് കയറിയത്.ഗ്രാമത്തലവൻ അമ്മുവിനെ അരുണിന് കല്യാണം കഴിച്ച് കൊടുക്കാമെന്ന് പറഞ്ഞാൽ മാത്രമേ ഞാൻ ഇവളുടെ ശരീരത്തിൽ നിന്ന് ഇറങ്ങിപ്പോവുകയുള്ളു.ഉടനെ ഗ്രാമത്തലവൻ അരുണിന്റെയും

അമ്മുവിന്റെയും കല്യണം നടത്താമെന്ന് തീരുമാനിച്ചു.ഉടനെ ലളിതയുടെ പ്രേതം അവളുടെ ശരീരത്തിൽ നിന്നും അപ്രത്യക്ഷമാവുകയും അടുത്ത ദിവസം അവരുടെ കല്യാണം മനോഹരമായി നടത്തുകയും അവർ സന്തോഷത്തോടെയും ജീവിക്കാൻ തുട ങ്ങി.

[1]

ആർദ്രാജിത്ത്
9 എ



1

# *പ്രണയം*

*തിരീകേ വരുമോ*
*എൻ മനസ്സിലെ കവിത ചൊല്ലനായി*
*എന്നും നീയെൻ അരികിലുണ്ടാവണം*
*ആ നിലവെന്നിൽ തിരികെ വരുമോ (പ്രണയ.....)*

*ഒരു കുളിരെന്നിൽ ചാർത്തീലേ നീ*
*എന്നും എന്നുടെ നിഴലായില്ലേ*
*പിരിയാനോന്നും കഴിയില്ല നിന്നെ*
*എന്നിട്ടും നീ പിരിഞ്ഞതെന്തെ (പ്രണയ...)*

*എൻ കനവുകളിൽ നീയാണല്ലോ*
*എൻ നിനവുകളിൽ നീയാണല്ലോ*
*ഒരു നിമിഷം നീ വിരഹം തന്നെന്നെ*
*പിരിഞ്ഞകന്നതെന്തെ (പ്രണയ.....)*

*ഇനിയും ഞാനീ മണ്ണിൽ ഒരു*
*വിരഹക്കടലായി ജീവിക്കുന്നു.....*
*മരണത്തെ ഞാൻ മാടിവിളിച്ചു*
*മരണവുമെന്നെ പ്രണയിച്ചില്ല (പ്രണയ......)*



***അതുൽകൃഷ്ണൻ***
***10A***

# സൗഹൃദം

ഒരു നീലാമ്പരിപോൽ
പടരുന്ന ഈ സൗഹൃദം
ഒരുനാളും പിരിയാതെന്നും
തുടരുന്ന ഈ സൗഹൃദം  (ഒരു)

ചിരിയും കളിയുവായെന്നും
മനസ്സു നിറയ്ക്കും നല്ല കൂട്ടുകാർ
കാലം കടന്നുപോയാലും
വേർപിരിയില്ല ഒരു നാളും (ഒരു)

ഹൃദയം പൊള്ളും നേരത്ത്
കുളിരേകാനായ് നല്ല കൂട്ടുകാർ
വിടർന്നു നിൽക്കും പൂവിൽ നിന്നൊരു
ഇതളുകൾ പൊഴിയും പോലെ
പൊഴിയില്ല ഈ സൗഹൃദം

***അതുൽകൃഷ്ണൻ***
***10A***

# *THE SECRET MOUNTAIN*

***Once in a village in China named Hunchun two Girls named Riya and miya they were so brave sisters. One day they were reading a book named Knowledge encyclopedia they were full read the paragraph of a 'secret mountain' they were wondered that they were full read a paragraph and ready to go there . It was situated in Nepal Ghyaru . They were ready and started the tour they were curiosity to go there . After some times , they reached there .They wondered to see the place . It was beautiful and full of small creatures . They started walking there and were at last , they reached a mountain they were thinking that this is the mountain that they read in the book they take the book from there bag and read the paragraph . Hurray ! Hurray! They were excited! Yes the place were they read is this and the mountain . Is this suddenly, they saw a door in under the mountain to this time they were happy but they saw the door they were afraid to be they walking like a cat to the door . When they come in front of the door suddenly the door opened they entered in to the door. They were excited! In the cave , many small cute birds and small creatures ,they walked slowly. They was very happy to see all these. After sometimes ,they are till walked suddenly , a voice from the sky "you are trapped in this cave so ,to open the door of the cave , you say OPEN , OPEN ,OPEN " then the door will open the sound stopped . They went to the door and say "OPEN ,OPEN, OPEN " they went out from the cave they relief -Riya said "we have to go our house" Miya said "yes".They started going to there house . At last , they reach there but their parent did not know their travel adventures.***

***VAIGA PRAMOD***
***5B***

# കേരളം

എൻ കേരളം......
എൻ കേരളം......
കേരവൃക്ഷത്തിൻ നാടായ കേരളം......
പതിനാലു ജില്ലകളാൽ മാലചാർത്തിയ കേരളം.....

എൻ കേരളം......
എൻ കേരളം......
മലയാള ഭാഷാ ലോകമാണു കേരളം......
നാൽപ്പത്തിനാലു നദിയിൽ കലർന്നൊരു കേരളം
എന്റെ കേരളം......
എൻ കേരളം......
മലയാള ഭാഷ പിതാവായ എഴുത്തച്ഛൻ
പിറന്ന കേരളം......
എൻ കേരളം......
എൻ കേരളം......
മതിമറന്ന നൃത്തങ്ങളിൽ കൊണ്ടാടിയ കേരളം...
പ്രശസ്ത കവികളിൽ കൂടിയ കേരളം......
നമ്മുടെ മലയാള നാടാണു കേരളം......
നമ്മുടെ മായാക്കാഴ്ചയാണുകേരളം......
എന്തൊരു ഭംഗിയാണീ കേരളത്തിൻ കാഴ്ചകൾ.....
എന്തൊരു അതിശയമാണീ കേരളത്തിൻ കാഴ്ചകൾ...
കേരളം.....കേരളം.....
എൻ കേരളം......
മാവേലിതൻ നാടായ കേരളം......
സമത്വ സുന്ദര നാടായ കേരളം......

നന്ദന എ നായർ
*5A*

# *THE END OF SWEET GALAXY*

***Once, in the sky, in the colourful galaxy-crab nebula, there is a team of clouds and stars and living pegasus. Their speciality is they were made of sweets. In that team there were many strawberries and chocolate. The pegasuses came to earth in one year and they stole children from houses and went to team in the sky. Once they stole a child named Aria. She heard this only in books. She know this. When she reached the team she wondered to see the chocolate and strawberries. She ate too much and started fighting to stars, clouds and pegasuses. At last Aria won and told the pegasuses to return all the children to earth. The pegasuses afraid and sent back the children to the earth and also Aria. After reached the earth Aria. After reached earth Aria told all the event to her family. They all congrats her. In this time in the sky, the end of the team.***

***Vaiga Pramod***
***5.B***

# വഴിയോരം

നീവരും വഴിയോരത്ത്
കാത്തു നിൽക്കും നിന്നെ ഞാൻ
മിണ്ടാതെ നീയങ്ങുപോകരുതേ.......
മിണ്ടാതെ നീയങ്ങുപോകരുതേ.......... (നീ..)

നിന്നോടു കാര്യം ഞാൻ
പറയുമ്പോഴും എന്തേ നീ
മറുവാക്കു മിണ്ടാത്തെ പെണ്ണേ.....
എന്തേ നീ മറുവാക്കു മിണ്ടാത്തേ (നീ..)

അകലെ വിഴിനീട്ടും സായം സന്ധ്യേ
മുകിലിൻ മുടിചുടും നിത്യകന്യകേ
മഴമേഘം കുളിർകോരി അഴകേറും
കുടനീർത്തി മഴവില്ലൊളി പാകി ചേലോടെ(നീ..)

കാറൊളി പോലെ മുടിയിഴ കണ്ടാൽ
താരകം പോലെ വിഴികൾ കണ്ടാൽ
ലാവൊളി പോലെ പുഞ്ചിരി കണ്ടാൽ
കാട്ടൊളി പോലെ നോട്ടം കണ്ടാൽ
കരളിൽ അലിഞ്ഞു പോകും
പിന്നെ ആരും വീണുപോകും (നീ)

ഒരു മാരിവില്ലുപോൽ തെളിഞ്ഞമനസ്സിൽ ഇതൾവിരിഞ്ഞ പുഷ്പംപോലെ
മതിതീരുവോളം പൂമണം
പകർത്തിടുമോ നീ......(നീ)

അറിയാതെ എന്നിലെ ഹൃദയം
കവർന്നു നീ......അനുരാഗമോഹിനി
നിറദീപമാണു നീ പ്രണയത്തിൽ
ശരറാന്തൽപോൽ അണയാദീപംനീ (നീ)

*അതുൽകൃഷ്ണൻ,10A*

# കൂട്ടുകാർ
# വരച്ച ചിത്രങ്ങൾ





**ഉണ്ണി ആർ 8A**







**അഞ്ജന അനിൽ കുമാർ 8A**





**സയങ്ക സത്യൻ 9A**






**ആദിത്യൻ 9A**



**ആദിത്യൻ വി 7B**


VIGNESH. G. PRASAD

# നന്ദി.......